**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 787** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>ഏനാമ്മാക്കൽ റെഗുലേറ്റർ കം ബ്രിഡ്ജ് പുനർ നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** മണലൂർ മണ്ഡലത്തിലെ ഏനാമ്മാക്കൽ റെഗുലേറ്റർ കം ബ്രിഡ്ജ് പുനർ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** ഏനാമ്മാക്കൽ റെഗുലേറ്റർ കം ബ്രിഡ്ജ് പുനർനിർമ്മിക്കുന്നതിനായി റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി സിവിൽ പ്രവൃത്തികൾക്ക് 4.062 കോടി രൂപക്ക് ഭരണാനുമതിയും തുടർന്ന് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. സിവിൽ പ്രവൃത്തിക്ക് തൃശ്ശൂർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ M/s Safalya Infra Projects Pvt Ltd. എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും 18 മാസ പൂർത്തീകരണ കാലാവധിയോടുകൂടി 07-06-2024 തീയതിയിൽ കരാറുകാരന് പ്രവൃത്തിസ്ഥലം കൈമാറുകയുമുണ്ടായി. എന്നാൽ മെക്കാനിക്കൽ പ്രവൃത്തികളുടെ ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ട് കരാറുകാർ തമ്മിൽ ബഹു. സുപ്രീംകോടതി മുമ്പാകെ കേസ് നിലനിൽക്കുന്നതിനാൽ മെക്കാനിക്കൽ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. പ്രവൃത്തിസ്ഥലത്തെ സാഹചര്യം പരിഗണിക്കുകയാണെങ്കിൽ സിവിൽ, മെക്കാനിക്കൽ പ്രവൃത്തികൾ ഒന്നിച്ച് ആരംഭിക്കുന്നതാണ് അഭികാമ്യം എന്നതിനാൽ മെക്കാനിക്കൽ വിഭാഗത്തിന്റെ കേസുമായി ബന്ധപ്പെട്ട നടപടികൾ തീർപ്പായാൽ ഉടൻ തന്നെ പ്രവൃത്തി ആരംഭിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**